**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 588** **23-07-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യകൃഷി പുനരുദ്ധരിക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ മത്സ്യഫെഡിന് കീഴിലുള്ള ഞാറക്കൽ, മാലിപ്പുറം ഫിഷ് ഫാമുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി പുനരുദ്ധരിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (എ) | മത്സ്യഫെഡിന്റെ കീഴിലുള്ള ഫിഷ് ഫാമുകളിൽ (ഞാറയ്ക്കൽ, മാലിപ്പുറം) പരമ്പരാഗത രീതിയിലുള്ള മത്സ്യകൃഷി, ചെമ്മീൻ വാറ്റ് (Prawn filtration) എന്നിവയാണ് നടന്നു വന്നിരുന്നത്. ഇതോടൊപ്പം പ്രകൃതി സൗഹൃദ (Eco friendly) അക്വാടൂറിസവും നടന്നുവരുന്നു. മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുകൃഷിയും പെൻകൃഷി (Pen Culture) യും 2017-18 മുതൽ നടത്തി വരുന്നുണ്ട്. 2018ലും 2019ലും പ്രളയത്തിൽ വളരെയേറെ നഷ്ടങ്ങൾ ഈ ഫാമിലുണ്ടായി. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്ന തിനായി, മത്സ്യഫെഡ് ഭരണസമിതി, ഈ രണ്ട് ഫാമുകളിലും പ്രകൃതിസൗഹൃദ ശാസ്ത്രീയ മത്സ്യ / ചെമ്മീൻ കൃഷി നടത്തുന്നതിനുള്ള തീരുമാനം 2020 ജൂലൈ-ൽ എടുക്കുകയും അതിനനുസരിച്ച് മത്സ്യകൃഷിയിൽ വിദഗ്ധന്റെ സാങ്കേതികവിദ്യ സഹായം ലഭ്യമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച വിവിധ തയ്യാറെടുപ്പുകൾ / പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | ഞാറയ്ക്കൽ ഫാമിൽ ആദ്യഘട്ടമായി 2.5 ഹെക്ടറിൽ വനാമി ചെമ്മീൻ കൃഷി Zero Water Exchange സമ്പ്രദായത്തിൽ ശാസ്ത്രീയമായി നടത്തുന്നതിനുള്ള ഒരുക്കങ്ങൾ മത്സ്യഫെഡ് ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 10 ടൺ വനാമി ഉൽപ്പാദിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. അതോടൊപ്പം, നിലവിലുള്ള കൂടുകൃഷി വിപുലമാക്കുന്നതിനും കൂടുതൽ കൂടുകൾ നിർമ്മിച്ച്, കാളാഞ്ചി, കരിമീൻ, പൊമ്പാന (Pompano) എന്നിവയുടെ ഉൽപ്പാദനം ശാസ്ത്രീയമായി വർദ്ധിപ്പിക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്. മാലിപ്പുറം ഫാമിൽ ആദ്യഘട്ടമെന്ന നിലയിൽ, കൂടുകൃഷി നടത്തുന്നതിനുള്ള നടപടി മത്സ്യഫെഡ് ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ 5 ഹെക്ടറിൽ |

| | | | |
|---|---|---|---|
| | | | വനാമി ശാസ്ത്രീയമായി Zero Water Exchange-ൽ കൃഷി ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ